# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2727 — 12.02.2019 -ലെ മറുപടി

## കിണറുകൾ ഉപയോഗശൂന്യമായ സാഹചര്യം

**ചോദ്യം**

**ശ്രീമതി.വീണാ ജോർജ്ജ്**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ആറന്മുള നിയോജക മണ്ഡലത്തിലെ പ്രളയബാധിത മേഖലയിൽ ഇടിഞ്ഞുതാഴ്ന്നതിന്റെയും ചെളി അടിഞ്ഞുകൂടിയതിന്റെയും ഫലമായി ഉറവ നശിച്ച് കിണറുകൾ ഉപയോഗശൂന്യമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇപ്രകാരം നശിച്ച കിണറുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; | ബി) | ഭൂജല വകുപ്പ് ആറന്മുള മണ്ഡലത്തിൽ പ്രളയത്തിൽ നശിച്ച 25 കുഴൽക്കിണറുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. |
| സി) | ഈ നിയോജകമണ്ഡലത്തിലെ ഏതു പ്രദേശത്താണ് ഈ പ്രതിഭാസം കൂടുതലായി കണ്ടത്; വ്യക്ത മാക്കാമോ; | സി) യും ഡി) യും | ആറന്മുള പഞ്ചായത്തിലാണ് കൂടുതൽ പ്രവൃത്തികളും ഭൂജലവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. ആറന്മുള മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളുടെ കിണറുകളിലെ പ്രളയത്തിൽ അടിഞ്ഞ ചെളിയും മാലിന്യവും പ്രളയം കഴിഞ്ഞ ഉടൻ തന്നെ നീക്കം ചെയ്ത് കേരള വാട്ടർ അതോറിറ്റി പമ്പിങ് പുന:രാരംഭിച്ചിട്ടുണ്ട്. ആറന്മുള മണ്ഡലത്തിൽ 6 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5 കുഴൽക്കിണർ അറ്റകുറ്റപ്പണികളും 14 കുഴൽക്കിണർ വൃത്തിയാക്കൽ പ്രവർത്തികളും ഭൂജലവകുപ്പ് നടത്തി പൊതുജനങ്ങൾക്ക് കുടിവെള്ളത്തിനായി ഉപയോഗ പ്രദമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കിണറുകൾ വൃത്തി യാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ഇപ്രകാരം ഉപയോഗശൂന്യമായ കിണ റുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി കൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ